**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1209** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ നിറ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കനാൽ വൃത്തിയാക്കൽ, ജലനിർഗമന ചാലുകളുടെ നവീകരണം, ഗോഡൗൺ നിർമ്മാണം ഇടങ്ങിയവയ്ക്കായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നബാർഡ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (NABARD-RIDF) പദ്ധതിയിലൂടെ കാഡാ കനാലുകൾ, തോടുകൾ എന്നിവയുടെ നവീകരണം, ജലസംഭരണ-ജലവിതരണ സംവിധാനങ്ങളുടെ വികസനം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ചെക്ക് ഡാമുകൾ, കാർഷിക റോഡുകൾ, മറ്റ് കാർഷിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നു. പ്രധാനമന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന (PM-RKVY) യുടെ ഭാഗമായി ഗോഡൗണുകൾ, പോളിഹൗസുകൾ, ഗ്രീൻഹൗസുകൾ, ജലസേചന സംവിധാനങ്ങൾ, കാർഷിക മൂല്യവർധന, വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നു.

സംസ്ഥാന വാർഷിക പദ്ധതിയുടെ ഭാഗമായി കാർഷിക ഉൽപ്പാദനവും സംഭരണവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ. ആസ്തി വികസന പദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), ജലസേചന വകുപ്പ് എന്നിവയുടെ സംയോജനത്തോടെയും കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

| ക്രമ നം | സ്കീം | പ്രൊജക്റ്റിന്റെ പേര് | പ്രൊജക്റ്റ് ലേ ഔട്ട് (ലക്ഷത്തിൽ) | ആകെ ചെലവായത (ലക്ഷത്തിൽ) |
|---|---|---|---|---|
| എ) | RKVY | 2024-25 സാമ്പത്തിക വർഷത്തിൽ ആർ.കെ.വി.വൈ. (RKVY) പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ സ്റ്റേറ്റ്സീഡ് ഫാമിലെ വികസന പ്രവർത്തികൾക്കായി 1,60,56,400 രൂപ പ്രോജെക്റ്റിൽ polyhouse, Green house, irrigation canal, Godown ഇടങ്ങിയപ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. | 160.564 | 75.00 |

**(ബി)** ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ നിറ പദ്ധതിയുടെ വിശദാംശം നൽകാമോ?

**<u>മറുപടി:</u>** ആലത്തൂർ നിയോജകമണ്ഡലത്തിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്നതിനുമായി വിവിധ വകുപ്പുകളുടെയും കർഷക കൂട്ടായ്മകളുടെയും ഏകോപനത്തോടെ 2017 മുതൽ 'നിറ' പദ്ധതി നടപ്പിലാക്കി വരുന്നു. ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, തെങ്കുറിശ്ശി, കുഴൽമന്ദം, വണ്ടാഴി, മേലാർകോട് എന്നീ പഞ്ചായത്തുകളിലെ 177 പാടശേഖര സമിതികളിലായി 13,086 നെൽകർഷകരുടെ നേതൃത്വത്തിൽ 15,652 ഏക്കർ നെൽകൃഷിക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കൽ, പരിസ്ഥിതി സൗഹൃദ നെൽകൃഷി വ്യാപനം, കാഡാ കനാലുകളുടെയും തോടുകളുടെയും നവീകരണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ഗോഡൗൺ നിർമ്മാണം, സൗരോർജ വേലികൾ സ്ഥാപിക്കൽ, ജലവിഭവ മാനേജ്മെന്റ്, വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ രൂപീകരണം, കാർഷിക യന്ത്രവൽക്കരണം, അഗ്രോ ഡ്രോണുകളുടെ വിനിയോഗം, മൊബൈൽ നെല്ലുണക്കൽ യന്ത്രങ്ങൾ, കൊയ്ത്ത് യന്ത്രങ്ങളുടെ ഏകോപിത സേവനം, നിറസേന മുഖേന ശാസ്ത്രീയ നടീൽ, ഹരിതമിത്ര സൊസൈറ്റി മുഖേന കാർഷിക യന്ത്ര സേവനങ്ങൾ, ഡിജിറ്റൽ കാർഷിക സേവനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, പരിസ്ഥിതി സൗഹൃദ നെൽകൃഷി, യന്ത്രവൽക്കരണം, ജലസംരക്ഷണം, വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾഎന്നിവയിൽ മാതൃകാപരമായ ഇടപെടലുകളും നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ എട്ട് വർഷത്തിനിടെ 300 ഏക്കർ തരിശുനിലങ്ങൾ പുനർകൃഷിയോഗ്യമാക്കുകയും, 1,000 ഏക്കറിൽ പരിസ്ഥിതി സൗഹൃദ നെൽകൃഷി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ കാർഷിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസേവനങ്ങളും ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇതുവഴി കൃഷിച്ചെലവ് കുറയ്ക്കുന്നതിനും കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവഹിക്കുന്നതിനും യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിനും കർഷകരുടെ വരുമാനവും കാർഷിക ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും പദ്ധതി ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

നിറ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമായി **അനുബന്ധം** ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

ആലത്തൂർ നിയോജകമണ്ഡലത്തിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി വിവിധ വകുപ്പുകളുടെയും കർഷക കൂട്ടായ്മയുടെയും ഏകോപനത്തോടെ രൂപീകരിച്ച പദ്ധതിയാണ് നിറ. നിറ പദ്ധതിയുടെ ആഭിമുഖ്യത്തിൽ നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി ഭവനുകളുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകളുടെയും, കേരള കാർഷിക സർവ്വകലാശാലയുടെയും, തൊഴിലുറപ്പ് പദ്ധതിയുടെയും, ജലസേചന വകുപ്പിന്റെയും നിറ ഹരിതമിത്ര സൊസൈറ്റിയുടെയും, സർവോപരി പാടശേഖരസമിതികളുടെയും, കർഷകരുടെയും സഹകരണത്തോടെ കഴിഞ്ഞ 5 വർഷമായി നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി, കുഴൽമന്ദം, വണ്ടാഴി, മേലാർകോട് പഞ്ചായത്തുകളിലായി 177 പാടശേഖരസമിതികളിലായി 13086 നെൽകർഷകരുടെ നേതൃത്വത്തിൽ 15652 ഏക്കർ നെൽകൃഷിക്കാണ് കൂടുതൽ നേട്ടങ്ങൾ ലഭ്യമാക്കാനായത്. നിറയിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാനായി മണ്ഡലം തലത്തിൽ നിറ മണ്ഡലം കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ നിറ പഞ്ചായത്ത് കമ്മിറ്റികളും പ്രവർത്തിക്കുന്നു. നിറയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത നിറ ഹരിതമിത്ര സൊസൈറ്റിയിൽ 7 പഞ്ചായത്തുകളിലായി 1800 കർഷകർ അംഗങ്ങളായി പ്രവർത്തിച്ചു വരുന്നുണ്ട്.

2017 മുതൽ 2025 വരെയുള്ള 8 വർഷക്കാലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി 300 ഏക്കറിൽ തരിശു നിലങ്ങൾ കതിരണിയുകയും, 1000 ഏക്കറിൽ പരിസ്ഥിതി സൗഹൃദ നെൽകൃഷി നടപ്പിലായതും, MLA, ജലസേചന വകുപ്പ്, കൃഷിവകുപ്പ് RIDF, ഫണ്ടുകളിലൂടെ കാഡാ കനാലുകളുടെയും, തോടുകളുടെയും നവീകരണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, കർഷകർക്കായി ഗോഡൗൺ നിർമ്മാണം, വന്യ മൃഗശല്യം ചെറുക്കാൻ സൗരോർജ്ജ വേലി, ജലവിതരണം കാര്യക്ഷമമാക്കാൻ വാട്ടർ യൂസേഴ്സ് അസോയിയേഷനുകൾ, വിള ജല കലണ്ടർ രൂപീകരണം, ഹരിതമിത്ര സൊസൈറ്റിയിലൂടെ കൊയ്ത്തു യന്ത്രങ്ങളുടെ വാടക ഏകീകരിക്കുന്നതിനായി കൊയ്ത്തിനൊരു കൈത്താങ്, നിറസേന രൂപീകരണം, അഗ്രോ ഡ്രോണുകൾ, നെല്ല് ഉണക്കുന്നതിന് മൊബൈൽ നെല്ലുണക്കു യന്ത്രങ്ങൾ, വിന്നോവറുകൾ ഉൾപ്പെടെയുള്ള യന്ത്രവത്കരണങ്ങൾ, നിറ ബ്രാൻഡിൽ വിഷരഹിത പാലക്കാടൻ മട്ട, കർഷകർക്ക് ഡിജിറ്റൽ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കൽ എന്നിവയെല്ലാം തന്നെ കാർഷിക വികസനത്തിന് പുതിയ മാനങ്ങളാണ് പകർന്നു നൽകിയത്. സംസ്ഥാനത്ത് ആദ്യമായി ആലത്തൂർ പഞ്ചായത്തിന്റെ നൂതന കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ച ട്രൈക്കോ കാർഡ് ഉല്പാദന യൂണിറ്റിലൂടെ ഓരോ സീസണിലും 1000 ഏക്കറിൽ പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായി സ്വാന്ത്വനം കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ട്രൈക്കോ കാർഡുകളും ഉല്പാദിപ്പിച്ചു വരുന്നു.

**കർഷകർക്ക് കൈത്താങ്ങായി നിറ ഹരിതമിത്ര സൊസൈറ്റി**

നിറയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും കർഷകർക്ക് കൈതാങ്ങ് ആകുന്നതിനും ഉറച്ച അസ്തിത്വത്തോടെയുള്ള ഒരു സ്ഥാപനം ഉണ്ടാവണമെന്ന ദീർഘവീക്ഷണമാണ് കർഷക കൂട്ടായ്മയോടെ രൂപീകൃതമായ നിറ ഹരിതമിത്ര സൊസൈറ്റി. 2018 ൽ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്യുകയും 7 പഞ്ചായത്തുകളിലായി 1800 കർഷകർ അംഗങ്ങളായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. കർഷകർക്കായി നിരവധി സേവനങ്ങളാണ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. അന്യസംസ്ഥാന കൊയ്ത്തു യന്ത്രങ്ങളുടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനായും വാടകയുടെ അധിക നിരക്ക് കുറയ്ക്കാനും ലക്ഷ്യമിട്ട് രൂപീകരിച്ച കൊയ്ത്തിനൊരു കൈത്താങ്, ഒന്നാം വിളക്കാലത്തു കർഷകർക്കായി നെല്ല് ഉണക്കുന്നതിനായി മൊബൈൽ നെല്ലുണക്കു യന്ത്രം എത്തിക്കൽ, നെൽപാടത്തെ യന്ത്രവത്കരണത്തിനായി നടീൽ യന്ത്രങ്ങൾ, ട്രാക്ടറുകൾ, വിന്നോവറുകൾ എന്നിവ

എത്തിക്കൽ , ട്രാക്ടർ നിരക്ക് ഏകീകരിക്കൽ, ജൈവകീടനാശിനികളും, സൂക്ഷമവളക്കൂട്ടുകളും തളിക്കുന്നതിനായി അഗ്രോ ഡ്രോണുകൾ, കോവിഡ് മഹാമാരി മൂലം നെൽപാടത്ത് നടീലിനായി അതിഥി തൊഴിലാളികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ശാസ്ത്രീയ നടീലിനായി പ്രാദേശിക തൊഴിലാളികളെ അണിനിരത്തി രൂപീകരിച്ച നിറസേന, പരിസ്ഥിതി സൗഹൃദ നെൽകൃഷി വ്യാപനം, തുടങ്ങി വിവിധ പദ്ധതികളാണ് നിറ ഹരിതമിത്ര സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആലത്തൂരിലെ കർഷകർക്കായി നടപ്പിലാക്കി വരുന്നത്.

**കൊയ്ത്തിനൊരു കൈത്താങ്ങ്**

2017 -18 ഒന്നാം വിളകാലത്തു നിറ പദ്ധതിയിൽ ആരംഭിച്ച കൊയ്ത്തിനൊരു കൈത്താങ്ങ് മുഖേന ഓരോ സീസണിലും 35 ഓളം കൊയ്ത്തുയന്ത്രങ്ങൾ ആണ് കൃഷിവകുപ്പിനു കീഴിലുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ നിന്നും, അന്യസംസ്ഥാനത്തു നിന്നും നിറ ഹരിതമിത്ര സൊസൈറ്റി മുഖേന വയലുകളിൽ എത്തിക്കുന്നത്. അന്യസംസ്ഥാന കൊയ്ത്തു വണ്ടികൾ കർഷകരിൽ നിന്നും കൂടിയ നിരക്ക് വാടകയായി വാങ്ങുന്നത് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലമായി കൊയ്ത്തു യന്ത്രങ്ങളുടെ നിരക്ക് ജില്ലയിൽ പിടിച്ചു നിർത്താൻ കാരണമാകുന്നത് നിറ പദ്ധതിയിൽ നിരക്ക് പ്രഖ്യാപിക്കുന്നതു മൂലവും അതനുസരിച്ച് കൊയ്ത്തു യന്ത്രങ്ങളുടെ വാടക നിരക്ക് കുറയ്ക്കാൻ അന്യസംസ്ഥാന ലോബി നിർബന്ധിതരാവുകയും ചെയ്തിരുന്നു. ഇടനിലക്കാരായ ഏജന്റുമാരെ ഒഴിവാക്കി നിറഹരിതമിത്രയുടെ അംഗങ്ങളായ കർഷകർ തന്നെയാണ് കൊയ്ത്തുയന്ത്രങ്ങൾ കൃഷിയിടത്തിൽ എത്തിക്കുന്ന ചുമതലകൾ നിർവ്വഹിച്ചു വരുന്നത്. ഇടനിലക്കാരെ ഒഴിവാക്കുമ്പോൾ ലഭിക്കുന്ന തുക കർഷകർക്ക് തന്നെ വേതനമായി വിതരണം ചെയ്യാനും സാധിക്കുന്നു. ഡീസൽ വില വർദ്ധനവ് മൂലം കഴിഞ്ഞ സീസണിൽ കൊയ്ത്തുയന്ത്രങ്ങളുടെ വാടക ഭീമമായി ഉയർന്നപ്പോൾ ഹരിതമിത്രം സൊസൈറ്റിക്കുള്ള വേതനം ഒഴിവാക്കി കൊണ്ട് നിരക്ക് വർദ്ധനവ് പിടിച്ചു നിർത്താൻ സാധിച്ചത് കർഷകർക്ക് ഉപകാരപ്രദമായി.

**ശാസ്ത്രീയ നടീലിനായി നിറസേന**

നടീൽ പ്രവർത്തികൾ ഏറ്റെടുക്കാൻ സുസജ്ജരായി ശാസ്ത്രീയ പരിശീലനം ലഭിച്ച നിറസേനയും ആലത്തൂർ നിയോജകമണ്ഡലത്തിൽ സജ്ജരാണ്. കോവിഡ് മഹാമാരി മൂലം നെൽപാടത്ത് നടീലിനായി അതിഥി തൊഴിലാളികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ശാസ്ത്രീയ നടീലിനായി പ്രാദേശിക തൊഴിലാളികളെ അണിനിരത്തി ആലത്തൂർ നിയോജക മണ്ഡലത്തിലെ സമഗ്രകാർഷിക വികസന പദ്ധതിയായ നിറ പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്ന നിറ ഹരിതമിത്ര സൊസൈറ്റിക്ക് കീഴിൽ രൂപീകരിച്ച നിറസേനയിൽ ഇന്ന് 31 ഗ്രൂപ്പുകളിലായി 254 സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ മുഴുവനും നിറസേനയുടെ സേവനം കർഷകർക്കായി ലഭ്യമാണ്. ഓരോ സീസണിലും ഓരോ ഇനവും അനുസരിച്ച് കൃഷിഭവൻ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള കൃത്യമായ നടീൽ അകലം നുരികളുടെ എണ്ണം, നടീൽ ആഴം എന്നിവ ഓരോ ഇനം അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് നിറസേനയുടെ നടീൽ. ഒരേക്കർ സ്ഥലത്ത് ഞാറു പറിച്ച് നട്ടുന്നതിന് 4300/- രൂപയാണ് നിറസേന ഈടാക്കുന്നത്. 4 മുതൽ 5 സ്ത്രീ തൊഴിലാളികൾ അടങ്ങുന്ന ഒരു നിറസേന ഗ്രൂപ്പ് ഒരു ദിവസം കൊണ്ട് ഒരേക്കറോളം ശാസ്ത്രീയമായി നട്ടുകൊടുക്കുന്നുണ്ട്. ശരിയായി നടീൽ അകലം പാലിക്കുന്നതിനോടൊപ്പം ശരിയായ സമയത്ത് പറിച്ചു നടാൻ സാധിക്കുന്നതോടെ കർഷകന് മികച്ച വിളവ് ലഭിക്കുന്നു. സ്ത്രീകളുടെ ശാക്തീകരണത്തോടൊപ്പം തന്നെ പ്രാദേശികമായ സാമ്പത്തിക മേഖലയ്ക്കും നിറസേന പുത്തനുണർവ്വാണ് തീർക്കുന്നത്. 3 സീസണുകളിലായി 2500 ഏക്കർ നെൽ പാടത്ത് നടീൽ നടത്തുവാൻ നിറസേനയ്ക്ക് സാധിച്ചിട്ടുണ്ട്.

**പരിസ്ഥിതി സൗഹൃദ നെൽകൃഷിയുടെ നിറ മാതൃക**

കേരളത്തിന്റെ നെല്ലറയായ പാലക്കാട്ടെ സുപ്രധാന നെൽകൃഷിമേഖലയാണ് ആലത്തൂർ നിയോജകമണ്ഡലം. നിറ പദ്ധതിയുടെ ആഭിമുഖ്യത്തിൽ നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി ഭവനുകളുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകളുടെയും, കേരള കാർഷിക സർവ്വകലാശാലയുടെയും, തൊഴിലുറപ്പ് പദ്ധതിയുടെയും, ജലസേചന വകുപ്പിന്റെയും നിറ ഹരിതമിത്ര സൊസൈറ്റിയുടെയും, സർവ്വോപരി പാടശേഖരസമിതികളുടെയും കർഷകരുടെയും

സഹകരണത്തോടെ നിരവധി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

രാസകീടനാശിനികളെ ഒഴിവാക്കി രാസവളങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ട് പ്രകൃതിയെ നോവിക്കാതെയുള്ള കാർഷിക പരിസ്ഥിതി സമീപനം മാത്രമാണ് നിറ പദ്ധതി ആരംഭിച്ച സുസ്ഥിര കാർഷിക (അഗ്രോ ഇക്കോളജി) വികസനത്തിന്റെ കാതൽ . 2017 വർഷത്തിൽ ആലത്തൂർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കുരോട് മന്ദം പാടശേഖരത്തിൽ 50 ഏക്കറിൽ ആരംഭിച്ച നെൽപാടത്തിന്റെ ആവാസ വ്യവസ്ഥാ വിശകലനം അടിസ്ഥാനമാക്കിയ പരിസ്ഥിതി സൗഹൃദ നെൽകൃഷി ഇന്ന് മണ്ഡലത്തിലാകെ 1000 ഏക്കറിൽ പാടശേഖരസമിതികളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരികയാണ്. മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്ന സൂക്ഷ്മജീവികൾ സംരക്ഷിക്കുന്ന, മിത്രകീടങ്ങളെ നശിപ്പിക്കാതെ കീടനിയന്ത്രണം സാധ്യമാക്കുന്ന കാർഷിക പരിസ്ഥിതി സമീപനത്തിലൂടെ ഏക്കറിന് 2.5 - 3 ടണ്ണോളം വിളവ് ലഭിക്കാനും കൃഷി ചെലവ് കുറയ്ക്കാനും കർഷകർക്ക് സാധിക്കുന്നുണ്ട്. യന്ത്രവത്കൃത നടീൽ, നിറസേനകളെ ഏകോപിപ്പിച്ചുള്ള നടീൽ, തൊഴിലുറപ്പ പദ്ധതിയിലൂടെ വരമ്പ് മാടൽ, വിളജലകലണ്ടറുകൾ തയ്യാറാക്കി ഏകീകൃത നടീൽ, വിത്തുപരിചരണത്തിനായി സ്യൂഡോമോണാസ്, ട്രൈക്കോർഡുകൾ ഉപയോഗിച്ചുള്ള കീടനിയന്ത്രണം, മണ്ണുപരിശോധന നടത്തി ശാസ്ത്രീയ വളപ്രയോഗം, വിള ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കീടരോഗ സർവെയും, നിയന്ത്രണമാർഗങ്ങളും, കേരള കാർഷിക സർവകലാശാല ജൈവീക കീടനിയന്ത്രണ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ട്രൈക്കോർഡുകൾ, ബ്യൂവേറിയ ഉൾപ്പെടെയുള്ള ജൈവീക കീടനിയന്ത്രണ മാർഗ്ഗങ്ങൾ, എന്നിവയിലൂടെ മണ്ണിനെ മനസ്സിലാക്കി മിത്രപ്രാണികളെ സംരക്ഷിച്ചുള്ള പരിസ്ഥിതി സൗഹൃദ മാർഗങ്ങളാണ് നെൽപ്പാടത്തു നടപ്പിലാക്കി വരുന്നത്.

**ട്രൈക്കോർഡ് ഉത്പാദനം - പഞ്ചായത്ത് തലത്തിൽ**

കേരള സംസ്ഥാനത്തു ആദ്യമായി ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ നൂതന കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളം കാർഷിക സർവകലാശാല ജൈവീക കീടരോഗനിയന്ത്രണവിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ സ്വാന്ത്വനം കുടുംബശ്രീ പ്രവർത്തകർ നെല്ലിന്റെ പ്രധാന കീടങ്ങളായ ഓലചുരുട്ടി പുഴു, തണ്ടുതുരപ്പൻ പുഴു എന്നിവക്കെതിരെയുള്ള ട്രൈക്കോഗ്രാമ്മ ചിലോണിസ്, ട്രൈക്കോഗ്രാമ്മ ജപോണിക്കം എന്നിവയുടെ മുട്ടക്കാർഡുകൾ തയ്യാറാക്കുന്ന ഒരു യൂണിറ്റ് ഈ കഴിഞ്ഞ രണ്ടാം വിളക്കാലത്തിനു മുൻപായി ആലത്തൂരിൽ ആരംഭിച്ചു. 100 ഏക്കറിലേക്കുള്ള 845 സി സി ട്രൈക്കോക്കാർഡുകൾ ഈ യൂണിറ്റിൽ നിന്നും ഉത്പാദിപ്പിക്കാൻ സാധിച്ചത് സുപ്രധാന നേട്ടമാണ് .

**പരിസ്ഥിതി സൗഹൃദ പാടത്തു നിന്നും നിറ ബ്രാൻഡിൽ വിഷരഹിത പാലക്കാടൻ മട്ട**

പരിസ്ഥിതി സൗഹൃദ നെൽപ്പാടത്തു നിന്നും പൂർണ്ണമായി വിഷരഹിതമായി ഉത്പാദിപ്പിച്ച മട്ട അരിയും വെള്ളപൊക്കത്തിനെ പ്രതിരോധിക്കാൻ തരിശുനിലത്തു കൃഷിയിറക്കിയ സിഗപ്പി ഇനത്തിൽ നിന്നും ഇഡ്ഡലി അരിയും ആലത്തൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നിറ കാർഷികോല്പാദന വിപണന സമിതിയുടെ നേതൃത്വത്തിൽ കർഷകരിൽ നിന്നും സംഭരിച്ചു അരിയാക്കി ഉപഭോക്താക്കൾക്ക് എത്തിക്കുന്ന സംരംഭം കൂടി ആരംഭിച്ചിട്ടുണ്ട്.

**e-നിറ - കർഷകർക്ക് ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കാൻ നിറയുടെ പദ്ധതി**

കാർഷികമേഖലയിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ആനുകൂല്യം കർഷകന് സമയബന്ധിതമായി ലഭ്യമാകണം എങ്കിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിനെക്കുറിച്ചുള്ള കൃത്യമായ അറിവും ലഭ്യതയും കർഷകർക്ക് ആവശ്യമാണ്. AIMS പോർട്ടൽ വഴി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഒട്ടനവധി പദ്ധതികൾ, റോയൽറ്റി, വിള ഇൻഷുറൻസ്, പ്രകൃതിക്ഷോഭം തുടങ്ങി സമയബന്ധിതമായി നൽകേണ്ട അപേക്ഷകൾ, കേന്ദ്ര സർക്കാരിന്റെ പിഎം കിസ്സാൻ പദ്ധതി, സപ്ലൈക്കോ മുഖേന നെല്ല്

സംഭരണം ഇതിന് എല്ലാത്തിനും കർഷകന് അക്ഷയകേന്ദ്രങ്ങളെയോ ജനസേവനകേന്ദ്രങ്ങളെയോ ആശ്രയിക്കേണ്ടി വരുന്നു. പ്രായമുള്ള കർഷകർക്ക് കോവിഡ് മഹാമാരി തീർത്ത പ്രതിസന്ധി മൂലം യഥാസമയം ഇവയൊന്നും അപേക്ഷിക്കാൻ സാധിക്കാത്തത് മൂലം ആനുകൂല്യം നഷ്ടപ്പെടാൻ കാരണമാകാറുണ്ട്. ഇതിനു ഒരു പരിഹാരം എന്നോണം കർഷകർക്ക് സമയബന്ധിതമായി ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്ര കാർഷിക വികസനപദ്ധതിയായ നിറ യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് e നിറ.

**<u>പുതിയ പദ്ധതികൾ-ഔഷധ സസ്യകൃഷി വ്യാപനം</u>**

2025-26 മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സഹകരണത്തോടെ നിറയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന കൃഷി വകുപ്പ്, സംസ്ഥാന ഔഷധ സസ്യ ബോർഡ്, തൊഴിലുറപ്പ് പദ്ധതി, നിറ ഹരിതമിത്ര സൊസൈറ്റി , ആലത്തൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ 9 ഹെക്ടർ ഔഷധ സസ്യകൃഷി നടപ്പിലാക്കി.

NABARD RIDF Tranche XXVI ൽ ഉൾപ്പെടുത്തി നിറ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

| സ്കീം | പ്രൊജക്റ്റിന്റെ പേര് | പ്രൊജക്ട് ലേ ഔട്ട് (ലക്ഷത്തിൽ) | ആകെ ചെലവായത് (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| NABRD RIDF XXVI | പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (നിറ) പദ്ധതിയിൽ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ | 1923 | 1745.5553 | പ്രവൃത്തി പൂർത്തീകരിച്ചു |
| a | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം(നിറ) പദ്ധതി -പാലക്കാട് ജില്ലാ റീച്ച് -I - വാനൂര് തോട് പാർശ്വ സംരക്ഷണം | | | |
| b | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം (നിറ) പദ്ധതി -പാലക്കാട് ജില്ലാ റീച്ച്-II - കീഴ്പ്പാടം തോടിന്റെ പാർശ്വസംരക്ഷണവും കീഴ്പ്പാടം ഫീൽഡ് ചാനൽ നിർമ്മാണവും | | | |
| c | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം | | | |

| | | | | |
|---|---|---|---|---|
| | (നിറ) പദ്ധതി- പാലക്കാട് ജില്ലാ റീച്ച് III പറക്കുന്നം, ഊരംകോട്, വെങ്ങാനൂർ, വെള്ളാട്ടുപടി, കുരോട്ടുമണ്ണ് എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം | | | |
| d | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം(നിറ) പദ്ധതി -പാലക്കാട് ജില്ലാ റീച്ച് IV നെല്ലിചോട്, പുറവത്തുകാട് എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം | | | |
| e | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം (നിറ) പദ്ധതി -പാലക്കാട് ജില്ലാ റീച്ച് I :- പത്തിയാർകളമ്പ്-ചുള്ളിമട, കുന്നംപട്ടി-പാറക്കുന്നം-താമരവട്ടം എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം | | | |
| f | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം(നിറ) പദ്ധതി -പാലക്കാട് ജില്ലാ റീച്ച് II:- ചാത്തപ്പാടി-കരിഞ്ഞാലി, മനച്ചിപ്പാടം-കൈരംപാറ, അരിയക്കോട്-ചേരനാട്, അയ്യപ്പൻകാട്-എറിയഞ്ചിറ എന്നീ ഫീൽഡ് ചാനലുകളുടെ നിർമ്മാണം | | | |
| g | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ എരിമയൂർ പഞ്ചായത്ത് കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം (നിറ) പദ്ധതി - ആലത്തൂർ ബ്ലോക്ക്, പാലക്കാട് ജില്ല- റീച്ച് III | | | |
| h | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം (നിറ) പദ്ധതി പാലക്കാട് ജില്ലാ റീച്ച് I ഫീൽഡ് ചാനലുകൾ നിർമ്മാണം മമ്പാട്-കാട്ടുകളങ്ങര, കരുമനശ്ശേരി-അകംപാടം, കാടൻചിറത്തോട്-മൂലങ്കോട് | | | |
| i | പാലക്കാട് ജില്ലയിലെ ആലത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം (നിറ) പദ്ധതി പാലക്കാട് ജില്ലാ റീച്ച് II പുന്നപ്പാടം, വക്കാല, തേക്കിൻകലത്തോട്, അവിഞ്ഞി ഡാം എന്നിവിടങ്ങളിൽ | | | |

| | | | | | |
|---|---|---|---|---|---|
| | ഫീൽഡ് ചാനലുകളുടെ നിർമ്മാണം | | | | |
| j | പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (നിറ) പദ്ധതിയിൽ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ -കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്-Reach -II (ഗ്യാപ് ഫില്ലിംഗ് വർക്ക്) | | | | |
| k | പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (നിറ) പദ്ധതിയിൽ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ -കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്-വാൽകുളമ്പ് (ഗ്യാപ് ഫില്ലിംഗ് വർക്ക്) | | | | |
| l | പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (നിറ) പദ്ധതിയിൽ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ -എരിമയൂർ ഗ്രാമ പഞ്ചായത്ത്--Reach -III (ഗ്യാപ് ഫില്ലിംഗ് വർക്ക്) | | | | |

**സെക്ഷൻഓഫീസർ**